വർഷത്തേയും ആവശ്യം കണക്കാക്കി മൊത്തമായി ഗ്രാന്റ് നൽകുന്ന സംവിധാനം സ്വീകരിച്ചാൽ സർക്കാരിന് താങ്ങാൻ വയ്യാത്ത സാമ്പത്തിക ബാദ്ധ്യത ഉണ്ടാകും.

79 (3404) കൃഷിഫാമുകൾ

ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ബാലറാം :
ശ്രീ. ജോർജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കൃഷിഫാമുകളുണ്ട്; എവിടെയെല്ലാം; ഇതിൽ ഏതെല്ലാം കൃഷി ഫാമുകൾ ബന്ധപ്പെട്ട പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്കോ നഗരപാലികാ സ്ഥാപനങ്ങൾക്കോ വിട്ടുകൊടുത്തു;

(ബി) പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്കും നഗരപാലിക സ്ഥാപനങ്ങൾക്കും വിട്ടുകൊടുത്ത ഫാമുകളിൽ അവർ ഉല്പാദനം നടത്തുകയുണ്ടായോ;

(സി) എങ്കിൽ മുൻകാലത്ത് അപേക്ഷിച്ച ഈ ഫാമുകളിൽ എത്ര ഉല്പാദനം കൂട്ടാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 61 കൃഷിഫാമുകളുണ്ട്. ഇവയുടെ സ്ഥലവിവരം അനുബന്ധമായി ചേർക്കുന്നു.† ഇതിൽ 10 സ്പെഷ്യൽ ഫാമുകളൊഴികെ ബാക്കിയുള്ളവയെല്ലാം ജില്ലാ പഞ്ചായത്തുകളുടെ മേൽനോട്ടത്തിന് വിട്ടുകൊടുത്തിട്ടുണ്ട്.

(ബി) ഉണ്ടായി.

(സി) കാര്യമായ വർദ്ധനവ് ഒന്നും ഉണ്ടായതായി കാണുന്നില്ല.

80 (3405) കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള പദ്ധതി

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള പദ്ധതിക്ക് ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ചുള്ള ചട്ടങ്ങൾ തയ്യാറായോ;

(സി) ഏതെല്ലാം കർഷകർക്കാണ് പെൻഷൻ നൽകാനുദ്ദേശിക്കുന്നത്;

(ഡി) ഇതുവരെ എത്ര കർഷകരിൽനിന്നും പെൻഷനുവേണ്ടി അപേക്ഷകൾ ലഭിച്ചു;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly